കഥ

# ഒഴിഞ്ഞ കൂട്

*സരോജ വർഗീസ്*



ഡിസംബർമാസത്തിലെ ശീതക്കാറ്റിൻെറ ഇരമ്പൽ കൂടികൂടി വരുന്നു. സകല ചരാചരങ്ങളും സുഷുപ്തിയിലാണ്ടിരിക്കുന്ന ഈ നിശബ്ദയാമത്തിൽ ഞാൻ മാത്രം നിദ്രവിഹീനയായി വിവിധ ചിന്തകളുടെ ലോകത്തിൽ ചുറ്റിത്തിരിയുകയാണ്. കിടക്കവിട്ടെഴുന്നേറ്റ് ജനാലയിൽകൂടി പുറത്തേക്ക് നോക്കി. തുടർച്ചയായി പെയ്ത്കൊണ്ടിരിക്കുന്ന മഞ്ഞ് ഭൂതലത്തെയാകെ മൂടിയിരിക്കുന്നു. ഇല കൊഴിഞ്ഞ വൃക്ഷക്കൊമ്പുകൾ വൈദ്യുതിവിളക്കിൻെറ പ്രകാശത്തിൽ അതിമനോഹരമായിരിക്കുന്നു. വീടിനു മുമ്പിലുള്ള വരാന്തയും നടപ്പാതയുമെല്ലാം ഇപ്പോൾ മൂടിയിരിക്കാം. പണ്ട് ഇതുപോലെ മഞ്ഞ് പെയ്യുന്ന ദിവസങ്ങളിൽ ഡാഡിയും മകനും കൂടി എത്രവേഗമാണ് ഡ്രൈവെയും നടപ്പാതകളും വൃത്തിയാക്കിയിരുന്നത്. ഇന്നിപ്പോൾ എല്ലാറ്റിനും ആരെയെങ്കിലും ആശ്രയിക്കേണ്ടിയിരിക്കുന്നു. മനസ്സിനെ മഥിക്കുന്ന ചിന്തകളുമായി വീണ്ടും കിടക്ക പൂകി. എങ്കിലും ഉറങ്ങാൻ കഴിയുന്നില്ല.

എൻെറ പ്രിയതമൻ ശാന്തനായുറങ്ങുന്നു. നൈറ്റ്ലാമ്പിൻെറ മങ്ങിയ വെളിച്ചത്തിൽ ആ മുഖം ഞാൻ ശ്രദ്ധിച്ചു. നാൽപ്പത്തിയഞ്ച് വർഷങ്ങൾക്ക് മുമ്പ് എൻെറ കഴുത്തിൽ താലി ചാർത്തിയ അരോഗദൃഡഗാത്രനായിരുന്ന യുവകോമളൻെറ മുഖത്തെ ഓജസ്സ് മങ്ങിപ്പോയിരിക്കുന്നു. സ്നേഹിക്കാൻ മാത്രം അറിയുന്ന അദ്ദേഹവുമൊത്തുള്ള ദാമ്പത്യം എന്നും സന്തോഷത്തിൻെറ നാളുകളായിരുന്നു. പരസ്പരം കരുതലുള്ള, ദൈവാനുഗ്രഹമുള്ള ഭാര്യാഭർത്താക്കന്മാരെന്ന് ബന്ധുക്കളും സുഹൃത്തുക്കളും പറയുമ്പോൾ ഞാൻ അഭിമാനിച്ചിരുന്നു.



ഭൂമിദേവിയുടെ ഉറക്കം കെടുത്താതെ വളരെ മൃദുലമായി ആകാശം മഞ്ഞ് പൊഴിച്ചുകൊണ്ടിരുന്നു. ഓർമ്മകളുടെ ലോകത്തിലേക്ക് പിടിച്ചുയർത്താൻ വേണ്ടി ആരോ എൻെറ ഉറക്കം കവർന്നെടുത്തിരിക്കുന്നു. എൻെറ ബാല്യവും കൗമാരവും പിന്നിട്ട മനോഹരമായ ഗ്രാമവും അവിടെ പ്രതാപത്തോടെ തലയുയർത്തി നിന്ന തറവാടും എല്ലാം ഇപ്പോൾ എൻെറ സ്മൃതിപഥത്തിലെത്തി നോക്കുന്നു.

നാലുകെട്ടും ചാവടിപ്പുരയും ഇന്നും ഒരു ചരിത്ര സത്യം പോലെ അവശേഷിക്കുന്ന എൻെറ തറവാട് വലിയ തിരക്കുകളൊന്നുമില്ലാതിരുന്ന, നഗരത്തോട് ചേർന്ന് കിടക്കുന്ന ഒരു ഹരിത സുന്ദര ഗ്രാമത്തിലായിരുന്നു. വിശുദ്ധിയുടെ പര്യായമായ ഗ്രാമം. പുഞ്ചപ്പാടങ്ങളും ആമ്പൽപൊയ്കകളുംകൊണ്ട് മനോഹരമായ ആ ഗ്രാമത്തിൻെറ ചാരുതയാർന്ന ചിത്രം വരക്കുന്നത് കുളിർമ്മ പകരുന്ന ഒരനുഭൂതിയാണ് എനിക്ക് പ്രദാനം ചെയ്യുന്നത്. പ്രധാനവീഥിയിൽ

നിന്നും ചെമ്മണ്ണ് വിരിച്ച ചെറിയ പാത ചെന്നവസാനിക്കുന്നത് ഞങ്ങളുടെ തറവാടിൻെറ പടിപ്പുരയിലാണ്. തെങ്ങ്, കവുങ്ങ്, പ്ലാവ് തുടങ്ങിയ ഫലവൃക്ഷങ്ങൾ കൊണ്ട് നിറഞ്ഞ തറവാട്ട് വളപ്പ് ഐശ്വര്യദേവതയുടെ നർത്തനവേദിയായിരുന്നു. അകത്തേക്ക് കടന്നാൽ വെള്ള മണൽ വിരിച്ച വീതിയുള്ള നടപ്പാത. പാതയുടെ ഇരുവശങ്ങളിലും പൂത്തുലഞ്ഞ് നിൽക്കുന്ന പൂമരങ്ങളും ചെടികളും. വിശാലമായ മുറ്റത്ത് നടപ്പാത അവസാനിക്കുന്നു.

മുറ്റത്തിനു ചുറ്റും റോസ്, മുല്ല, വിവിധ ഇനങ്ങളിലുള്ള മരച്ചെടികൾ തുടങ്ങിയവ ആകർഷകപൂർവ്വം നട്ടുവളർത്തിയിരിക്കുന്നു. മുറ്റത്തത്തിൻെറ നടുവിലായി തുളസിത്തറ, മുറ്റത്തിൻെറ കിഴെക്കെ അതിർത്തിയിലായി തെറ്റി, ശംഖുപുഷ്പം, ചെമ്പരത്തി തുടങ്ങിയവ വളർന്ന്പന്തലിച്ച് നിൽക്കുന്നു നന്ദനോദ്യാനം അതിൻെറ മദ്ധ്യത്തിൽ മരിച്ചവരുടെ ആത്മാക്കളെ കുടിയിരിത്തിയിരിക്കുന്നു. കുര്യാല. നിത്യവും, സന്ധ്യാവേളകളിൽ കുര്യാലയിൽ ദീപം തെളിച്ചിരുന്ന എൻെറ അമ്മയുടെ ചിത്രം ഉള്ളിൽ മങ്ങാത്ത ഓർമ്മയായി അവശേഷിക്കുന്നു.

അമ്മ സുഖമില്ലാതെ കിടന്നിരുന്ന അവസാനനാളുകളിൽ ഏതാനും മാസങ്ങൾ അമ്മയുടെ പരിചരണത്തിനായി ഞാൻ തറവാട്ടിൽ അമ്മയോടൊപ്പമുണ്ടായിരുന്നു. അന്നു അമ്മ പറഞ്ഞു മക്കളൊക്കെ വലുതായി അവരുടെ ജീവിതം തുടങ്ങുമ്പോൾ മാതാപിതാക്കൾ അനാഥരാകുന്നു. അപ്പോൾ ജീവിതത്തിൻെറ തിരക്കിൽ നിന്നൊഴിഞ്ഞ് ഒരു ഏകാന്ത തീരത്ത് എത്തുന്ന പ്രതീതിയാണു. നിശബ്ദത എങ്ങും തളം കെട്ടി നിൽക്കുന്ന ഒരു അവസ്ഥ. ഓടി തളർന്ന കുതിരകളായി ഒരു മൂലയിൽ ഒതുങ്ങികൂടേണ്ടി വരുക എന്നത് വാർദ്ധക്യത്തിൻെറ അനിവാര്യതയാണു. പക്ഷെ ഈ നിശ്ശബ്ദത, ശൂന്യത പ്രായം ചെന്ന ശരീരത്തെക്കാൾ മനസ്സിനെ ഭയപ്പെടുത്തുന്നു. കിളികൾ പറന്ന് പോയ ഒരു കൂടാണ് ഈ തറവടെന്നു അമ്മ പറയുന്നത് കേട്ട് അമ്മക്കൊപ്പം അമ്മയുടെ തൂക്കുകട്ടിലിൽ ഇര്രുന്നപ്പോൾ അമ്മ വിവരിച്ച ആ അവസ്ഥയുടെ ഭീകരത പൂർണ്ണമായി മനസ്സിലാക്കാൻ സാധിച്ചില്ല. തന്നെയുമല്ല അമ്മക്ക് ഞങ്ങൾ കൂടെയുണ്ടല്ലോ എന്ന ഒരു സമാധാനം പറഞ്ഞ് അമ്മയെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു.

ചരിത്രം ആവർത്തിക്കുന്നു എന്നു പറയുന്നത് എത്ര ശരി. അന്ന് അമ്മയോടൊപ്പം അമ്മയെ സമാശ്വസിപ്പിച്ച ഞാനും ഭർത്താവും ഇന്നു വാർദ്ധക്യ ദശയിലാണ്. മഞ്ഞ് പെയ്യുന്ന ഈ രാത്രിയിൽ ഞാനും എൻെറ ഭർത്താവും ഈ വീട്ടിൽ തനിയെയാണു. അമ്മയുടെ തൂക്ക് കട്ടിൽ പോലെ എൻെറ മനസ്സ് ആടികൊണ്ടിരിക്കുന്നു. പേടിപ്പിക്കുന്ന നിശ്ശബ്ദതയാണു ചുറ്റിലും. ചുവരിൽ കുട്ടികളുടെ പടങ്ങൾ പുഞ്ചിരിച്ച് കൊണ്ട് എന്നെ നോക്കുന്നു. മക്കളുടെ ഓരോ ജന്മദിനാഘോഷങ്ങളിലും എടുത്ത ഫോട്ടോകൾ. മഞ്ഞുകാലങ്ങളിൽ പരസ്പരം മഞ്ഞു കട്ട വാരിയെറിഞ്ഞ് വീടിൻെറ നാലുചുറ്റും ഓടിനടന്നു കളിക്കുന്ന കുസ്രുതിക്കുടുക്കകളുടെ ചിത്രങ്ങൾ. എത്ര പെട്ടെന്നാണവർ വളർന്നത്. ഗ്രാജുവേഷനു – ഗൗണും ക്യാപ്പും അണിഞ്ഞ്, നിൽക്കുന്ന അഭിമാനം സ്ഫുരിക്കുന്ന, പുഞ്ചിരിക്കുന്ന ഫോട്ടോകൾ. പിന്നീട് വിവാഹഫോട്ടോകൾ. ഏറ്റവും അവസാനമായി കൊച്ചുമക്കളുടെ ഓമനത്വം തുളുമ്പുന്ന വിവിധ ചിത്രങ്ങൾ. ജീവിതത്തിൻെറ നല്ല നാളുകളുടെ പ്രതിഫലനങ്ങൾ. അവരെല്ലാം വളർന്ന് കുടുംബങ്ങളുമായി വേറെ താമസിക്കുന്നു എന്ന് വിശ്വസിക്കാൻ ചിലപ്പോൾ പ്രയാസമാണു്.. അവർക്ക് അഛനേയും അമ്മയേയും ഇഷ്ടമാണു്, പതിവായി ഫോണിൽ വിളിക്കാറുണ്ട്. പക്ഷെ കൂടെ കൂടെയുള്ള സന്ദർശനം അകലെയുള്ള പട്ടണങ്ങളിൽ താമസിക്കുന്ന അവർക്ക് ബുദ്ധിമുട്ടാണു.

അവരുടെ നിർബന്ധത്തിനു വഴങ്ങിയാണ് ഈ കൊച്ചു വീട്ടിലേക്ക് താമസം മാറ്റിയത്. പൂന്തോട്ടങ്ങളും, പുറകിൽ വിശാലമായ പുൽത്തകിടികളുമുള്ള വീട് വയസ്സായവർക്ക് പരിപാലിക്കാൻ പ്രയാസമാണു്. ആ വലിയ വീടു വിറ്റു പോരുമ്പോൾ അവരുടെ പപ്പക്ക് വലിയ പ്രയാസമായിരുന്നു. വേനൽകാല പച്ചക്കറികൾ നട്ടു വളർത്തുന്ന്തിൽ എനിക്ക് താൽപര്യമായിരുന്നെങ്കിലും അദ്ദേഹത്തിനു ഉത്സാഹമുണ്ടായിരുന്നില്ല. അദ്ദേഹം അവിടെ നട്ട മുന്തിരിചെടി പടർന്ന് പന്തലിച്ച് തുടങ്ങിയ കാലമായിരുന്നു അപ്പോൾ. അത് വിട്ടു പോരാൻ

അദ്ദേഹത്തിനു വിഷമമായിരുന്നു. ഈ വീട്ടിൽ വന്നിട്ടും എന്നും അദ്ദേഹം പറയുമായിരുന്നു. നമുക്ക് പോയി മുന്തിരി വള്ളി തളിർത്തൊ എന്നു നോക്കാമെന്നു.

ഈ മഞ്ഞ് കാലം കഴിയാൻ ഏകദേശം അഞ്ച് മാസങ്ങൾ കഴിയണം. വയസ്സായവരെ വല്ലാതെ കഷ്ടപെടുത്തുന്ന കാലമാണിത്. അസുഖങ്ങൾ തലപൊക്കുന്നതും മാറാതിരിക്കുന്നതും ഇപ്പോഴാണു. പുറത്തേക്കിറങ്ങാൻ കഴിയാതെ വീട്ടിനുള്ളിൽ കഴിച്ച് കൂട്ടേണ്ടി വരിക. എല്ലാ ഓർമ്മകളും സട കുടഞ്ഞെഴുന്നേൽക്കുന്നത് ഇപ്പോഴാണെന്നു തോന്നുന്നു. ഒഴിവുകാലങ്ങളിൽ കുട്ടികളുടെ മുറികളിൽ നിന്നും ഒഴുകി വരുന്ന ഇംഗ്ലീഷ് പാട്ടുകൾ. അവർ പരിശീലിക്കുന്ന വാദ്യോപകരണങ്ങളുടെ ശബ്ദം. ചിലപ്പോൾ കാതടപ്പിക്കുന്ന ശബ്ദം. അന്ന് അവരെ ശാസിച്ചിട്ടുണ്ട്. ഇപ്പോൾ അങ്ങനെ ശബ്ദങ്ങൾ അവരുടെ മുറികളിൽ നിന്നും കേൾക്കാൻ ആഗ്രഹിക്കുന്നു.

ഇപ്പോൾ വിശേഷദിവസങ്ങൾക്ക് കാത്തിരിക്കുന്നത് ഞങ്ങളാണു. ഈ തണുപ്പ് കാലത്ത് ആഘോഷിക്കുന്ന ക്രുസ്തുമസ്സ്, ക്രുസ്തുവിന്റെ ജന്മം പോലെ തന്നെ ഞങ്ങൾക്ക് കൂടുതൽ അനുഗ്രഹപ്രദമണു. ആ അവസരത്തിൽ മക്കളും കൊച്ചുമക്കളും ഒത്തുള്ള കൂടിചേരൽ എല്ലാ വേദനകളും മാറ്റുന്നു. മഞ്ഞിൽ കളിക്കാൻ കമ്പിളി വസ്ത്രങ്ങളും ധരിച്ച് കൊച്ചു മക്കൾ പുറത്ത് പോയി സ്നൊ മാനെ ഉണ്ടാക്കി വല്ലമ്മച്ചിക്ക് കൊണ്ട് വരുന്നത് മഞ്ഞുപോലെ സുഖമുള്ള ഒരു ഓർമ്മയാണു. ശൈത്യത്തിന്റെ പിടിയിൽ വാതം കോപിച്ചത് മൂലം തണുപ്പ് സഹിക്കാൻ പറ്റാത്ത എന്റെ കൈകളിലേക്ക് അത് വച്ച് തരുമ്പോൾ വാസ്തവത്തിൽ തണുപ്പല്ല വാത്സല്യത്തിന്റെ ചെറു ചൂടാണു അനുഭവപ്പെടുക. സ്നേഹത്തിന്റെ മധുരം ചേർത്ത് വല്ല്യമ്മച്ചിയുണ്ടാക്കി വക്കുന്ന കുക്കികൾ തിന്നു ചിലപ്പോൾ കുട്ടികൾ തമ്മിൽ തമ്മിൽ കലഹിച്ച് കുക്കി ഭരണികൾ ഉടച്ച് അടുക്കളയിൽ കോലാഹലം ഉണ്ടാക്കുമ്പോൾ കോപത്തിനു പകരം അവരോട് വാത്സല്യം ഏറുകയാണു. അപ്പോഴാണു മക്കളുടെ ചോദ്യങ്ങൾ. ഞങ്ങൾ ചെറുപ്പത്തിലെ എന്തെങ്കിലും നശിപ്പിച്ചാൽ അടി തരാതെ ഞങ്ങളെ വെറുതെ  വിടുമായിരുന്നില്ലല്ലോ. ഇപ്പോൾ എന്തേ ആ ശൗര്യം പോയോ?

അവരോടു എന്തു പറയാൻ. ഒരു വല്ലമ്മച്ചിയുടെ ഹ്രുദയത്തിൽ മക്കൾക്കും കൊച്ചു മക്കൾക്കും ഉള്ള സ്നേഹം അളക്കാൻ കഴിയുന്നതാണോ. ഒരു കുഞ്ഞ് ജനിച്ച് വളർന്ന് വലുതാകുന്നത് വരെ അതിനു ശേഷവും ഈ കാലഘട്ടങ്ങളിലെല്ലാം മാതാപിതാക്കളുടെ സ്നേഹത്തിന്റെ ശക്തിയും അളവും കൂടുകയല്ലാതെ കുറയുന്നില്ല. മക്കളെകുറിച്ചുള്ള മാതാപിതാക്കളുടെ സ്പനങ്ങൾക്ക് അതിരുകളില്ല. അത്കൊണ്ടായിരിക്കും പ്രായമാകുമ്പോൾ അവർ അടുത്തില്ലെങ്കിൽ അതു വളരെ വേദനാജനകമാകുന്നത്.

പകൽ കഴിഞ്ഞ് സന്ധ്യ വരുമ്പോൾ, രാത്രിയാകുമ്പോൾ അനുഭവപ്പെടുന്ന ഒരു ഏകാന്തതയും, ശൂന്യതയും എങ്ങനെ വിവരിക്കാനാണു. ഒരു വിമാനം പോകുന്ന ശബ്ദം കേൾക്കുന്നു. ആ വിമാനത്തിലെ യാത്രക്കാരെല്ലാം പ്രിയപ്പെട്ടവരെ കാണാനുള്ള വെമ്പലോടെ യാത്ര ചെയ്യുകയാണു.. എന്നെ സംമ്പന്ധിച്ചേടത്തോളം ജീവിതവും ഒരു യാത്ര തന്നെ. പലരും കരുതുന്നത് ജീവിതത്തിന്റെ ലക്ഷ്യം മരണമാണെന്നാണു. എന്നെ സമ്പന്ധിച്ചേടത്തോളം നമ്മുടെ ജീവിതത്തിൽ നമുക്ക് കിട്ടുന്ന  ഭാഗങ്ങൾ ഭംഗിയായി അഭിനയിച്ച് തീർക്കുക എന്നതാണു. അഭിനയത്തിൽ ആത്മാർത്ഥത ഉണ്ടാകണമെന്നു മാത്രം.. ഓർമ്മകളുടെ ഒരു വലിയ സഞ്ചി ഞാൻ അഴിച്ച് നിരത്തി. ഇതിനിടയിൽ എന്റെ പ്രിയതമൻ കണ്ണു തുറന്നു. നേരം വല്ലാതെ പുലർന്നിരിക്കുന്നു. ചൂടോടെ ഒരു കപ്പ് കാപ്പി കിട്ടിയിരുന്നെങ്കിൽ എന്ന് വെറുതെ ആശിച്ച് പോയി.. അതിനു ഞാൻ തന്നെ അടുക്കളയിലേക്ക് പോകണം. അമേരിക്കയിൽ മാത്രുദിനാഘോഷ ദിവസം മക്കൾ പപ്പക്കും, മമ്മിക്കും കാപ്പി ഉണ്ടാക്കനൊക്കെ ഉത്സാഹിക്കാറുണ്ട്. പക്ഷെ മത്രുഹ്രുദയമല്ലെ അവരെകൊണ്ട് അത് ചെയ്യിക്കാൻ തോന്നുകയില്ല. അതിനു സമ്മതിക്കാതാവുമ്പോൾ അവർ പറയും ഈ മമ്മി വേണമെങ്കിൽ കിച്ചനിൽ കിടക്കാനും റഡിയാകും. മമ്മിയോടും പപ്പയോടുമുള്ള സ്നേഹാദരവുകൾ പ്രകടിപ്പിക്കുവാൻ വേണ്ടിയുള്ളതാണു് മാത്രുദിനവും, പിതുദിനവും എന്ന് കുട്ടികൾ ഉറച്ച് വിശ്വസിച്ച് പോന്നു.

മമ്മിക്ക് പൂക്കളോടും ചെടികളോടുമുള്ള അമിതമായ താൽപ്പര്യം മനസില്ലാക്കിയിരുന്ന മക്കൾ ആ ദിവസങ്ങളിൽ അതിരാവിലെതന്നെ ആകർഷണീയമായ്യ പൂക്കൾ സമ്മാനിച്ചിരുന്നു. കൂട്ടത്തിൽ മധുരമേറിയ നിഷ്ക്കളങ്കമായ സ്നേഹചുമ്പനങ്ങളും. വളർന്ന് കഴിഞ്ഞിട്ടും കഴിയുന്നതും ആ പതിവു തെറ്റിക്കാറില്ലായിരുന്നു. എന്നാൽ ക്രമേണ ആ സ്നേഹപ്രകടനങ്ങളെല്ലാം ആകർഷണീയമായ കാർഡുകളിൽ ആരോ എഴുതിചേർത്ത മനോഹരമായ വാക്കുകളിൽ ഒതുങ്ങാൻ തുടങ്ങുന്നു.

നേരത്തെ ഉണർന്ന് കിടക്കുന്നത് കൊണ്ട് ഉറക്ക ക്ഷീണം. അപ്പോൾ അതാ ആരൊ ഡോർ ബെല്ല് അടിക്കുന്നു. ആരാ ഈ വെളുപ്പാൻ കാലത്ത് എന്ന് പറഞ്ഞപ്പോൾ എന്റെ പ്രിയതമൻ പറഞ്ഞു – ക്ലോക്കിലോട്ട് നോക്കൂ, മണി എട്ടു കഴിഞ്ഞു. പതുക്കെ എഴുന്നേറ്റ് ചെന്നു വാതിൽ തുറന്നപ്പോൾ ഫെഡ് എക്സ്പ്രെസ്സ് കമ്പനിക്കാർ ഒരു വലിയ പാക്കറ്റ് വച്ച് പോയിരിക്കുന്നു. അതു പൊക്കാനുള്ള ശക്തിയില്ലാത്തത് കൊണ്ട് പതുക്കെ ഉള്ളിലേക്ക് വലിച്ചിഴച്ചു കൊണ്ടു വന്നു. അയച്ചിരിക്കുന്നത് മകനാണു. വളരെ ആഹ്ലാദത്തോടെ അത് തുറന്നു നോക്കിയപ്പോൾ ഞങ്ങൾക്കുള്ള സമ്മാനങ്ങളാണു. ക്രുസ്തുമസ്സിനുള്ള സമ്മാനങ്ങൾ അവൻ വരുമ്പോൾ കൊണ്ട് വരുന്നതാണു പതിവു. ഇക്കൊല്ലം എന്തു പറ്റി എന്നാലൊചിക്കവെ കയ്യിൽ ഒരു കത്ത് തടഞ്ഞു. അവന്റെ കത്താണു. അവനും ഭാര്യയും മക്കളും ക്രുസ്തുമസ്സ് അവുധിക്ക് എവിടേയോ വിനോദ യാത്ര പോകുന്നു. കൂടെ ഞങ്ങളുടെ മകളും കുടുമ്പവും. ഇക്കൊല്ലം അവർ വരുന്നില്ല. കുറച്ച് മുമ്പ് വരെ കൂട്ടി വച്ച ഒത്തിരി ഒത്തിരി സ്പനങ്ങളുടെ പളുങ്ക് പാത്രം ചിന്നി ചിതറി. ചിന്തകൾ വീണ്ടും കഴിഞ്ഞ്പോയ നല്ല നാളുകളിലേക്ക് ഒഴുകിപ്പോകുന്നു. ക്രുസ്തുമസ് കാലങ്ങൾ എന്നും ആഹ്ലാദത്തിന്റെ ദിനങ്ങളായിരുന്നു സമ്മാനിച്ചിരുന്നത്. ജാതിയോ, മതമോ ഒന്നും ആ സുദിനങ്ങൾക്ക് അതിരുകൾ തീർത്തിരുന്നില്ല. നവമ്പർ മാസം ആദ്യം മുതൽ കുട്ടികൾ രണ്ട്പേരും അവർക്ക് സമ്മാനമായി വാങ്ങേണ്ട സാധനങ്ങളുടെ നീണ്ട ലിസ്റ്റ് തയ്യാറാക്കിയിരിക്കും. വാരാന്ത്യങ്ങളിൽ ആ ലിസ്റ്റുമായി ഷോപ്പിങ്ങ്. ഡിസംമ്പർ പകുതി ആകുമ്പോഴേക്കും വീടിന്റെ ഒരു മുറി സമ്മാനപ്പൊതികൾ കൊണ്ട് നിറഞ്ഞിരിക്കും. അവർക്ക് മാത്രമല്ല അവരുടെ സ്നേഹിതർക്കും കസിൻസിനുമെല്ലാം അവരുടെ താൽപ്പര്യമനുസ്സരിച്ചുള്ള സമ്മാനങ്ങൾ. വീട്ടിനുള്ളിൽ ക്രുസ്തുമസ് ട്രീ അലങ്കരിക്കുന്നതിൽ എന്തുത്സാഹമായിരുന്നു ഇരുവർക്കും. വീടിനു ചുറ്റും ദീപാലങ്കാരങ്ങൾ. ശാന്തിയുടേയും സന്തോഷത്തിന്റേയും ആ നല്ല നാളുകൾ എവിടെയോപ്പോയി മറഞ്ഞിരിക്കുന്നു. എന്റെ വിഷമം കണ്ട് ഭർത്താവ് പറഞ്ഞു. അവർക്ക് ചെറുപ്പമല്ലേ? അവർ ആനന്ദിക്കട്ടെ. നമുക്ക് കുട്ടികളെപോലെ ഇക്കൊല്ലം സാൻറാക്ലോസ്സ് വരുന്നത് കാത്തിരിക്കാം. അതും പറഞ്ഞ് അദ്ദേഹം പെട്ടെന്ന് ബാത്ത് റൂമിലേക്ക് പോയി. വാതിൽ അടയുന്നതിനു മുമ്പ് ഒരു വിതുമ്പൽ ഞാൻ കേട്ടു.

End